# ശാരദാമസികയിലെ പാചകക്കുട്ട്

നിമിഷ കെ.പി

## ആമുഖം

പത്തൊൻപതാം നൂറ്റാണ്ടിൽ മതാധിഷ്ഠിതമായി കേരളം ക്രമപ്പെട്ടു തുടങ്ങുന്ന കാലമാണ്. മിഷണറിപ്രവർത്തനം, ആനുകാലികപ്രസിദ്ധീകരണം തുടങ്ങിയവ ആധുനികീകരണ പ്രക്രിയയെ ത്വരിതപ്പെടുത്തുന്നുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ എന്നതിലപ്പുറം മതം, ജാതി എന്നിവ പ്രതിഫലിപ്പിക്കുന്ന അധികാരചിഹ്നങ്ങളായാണ് ഉത്തരാധുനിക കാലഘട്ടം പരിഗണിക്കുന്നത്. മിഷണറികാലഘട്ടത്തോടെയാണ് കേരളീയരുടെ അബോധത്തിൽ മതം വേരുറയ്ക്കുന്നത്. ആദ്യകാല ആനുകാലികങ്ങളിലൂടെയുള്ള ഭാഷാവ്യവഹാരങ്ങൾ മതാധിഷ്ഠിതമായി കേരളം പുനർനിർമ്മിക്കാൻ പാകത്തിലുള്ള ആഖ്യാനമാതൃകകൾ ഒരുക്കുന്നതിൽ ശ്രദ്ധിച്ചു. ജാതിശ്രേണീ വിഭജനത്തിൽ ശ്വാസംമുട്ടിയ ബഹുഭൂരിപക്ഷം ജനങ്ങൾക്ക് മതം പുതിയ കാലത്തെ നേരിടാനുള്ള അവസരം നൽകി. തീണ്ടലുംതൊടീലും നിലനിന്നിരുന്ന കേരളീയ സമൂഹത്തിൽ ജന്തുതുല്യം കരുതപ്പെട്ടിരുന്ന അവർണവിഭാഗത്തിന് ഏറക്കുറെ മനുഷ്യമുഖം കൈവരുന്നത് മിഷണറിപ്രവർത്തനത്തിന്റെ ഫലമായാണ്. സാമ്പ്രദായിക കേരളീയ അധികാരവർഗത്തിന് മിഷണറിപ്രവർത്തനം ഒരുവിധത്തിൽ തിരിച്ചടിയായി. ജൻമി/കുടിയാൻ ബന്ധത്തിലധിഷ്ഠിതമായ അന്നത്തെ കേരളീയ അധികാരരീതി മുന്നോട്ടു കൊണ്ടുപോകാൻ അധികാരപക്ഷത്തിന് വിട്ടുവീഴ്ചകൾ വേണ്ടിവന്നു, ഇതിന്റെ തുടർച്ചയായാണ് നവോത്ഥാനകാലത്ത് പൊതുമണ്ഡലചർച്ച അല്പകാലത്തേക്കെങ്കിലും കേരളത്തിൽ സാധ്യമാവുന്നത്. കേരളീയനവോത്ഥാനം മതാധിഷ്ഠിത ജാതിശ്രേണീകരണം സാധ്യമാക്കുകയാണുണ്ടായതെന്ന് ഇന്ന് തിരിച്ചറിയുന്നുണ്ട്. തൊട്ടാൽ പൊട്ടുന്ന സങ്കീർണമായ മതബോധം കേരളീയരിൽ വേരുറയ്ക്കുന്നതിൽ പത്തൊൻപതാം നൂറ്റാണ്ടിലെ ഭാഷാവ്യവഹാരമാകളുടെ പങ്ക് അന്വേഷിക്കുന്ന പഠനങ്ങൾക്ക് ഇന്നേറെ പ്രസക്തിയുണ്ട്. സ്ത്രീകൾക്ക് വേണ്ടി സ്ത്രീകൾ തയ്യാറാക്കിയ ആദ്യ ആനുകാലികമെന്ന രീതിൽ 'ശാരദ'മാസികക്ക് ആനുകാലിക ചരിത്രത്തിൽ പ്രമുഖ സ്ഥാനമുണ്ട്. ശാരദയിൽ അവതരിപ്പിച്ച വിഷയങ്ങൾ, എഴുത്തുകാരുടെ സാമൂഹികനില, വിവിധ വിഷയങ്ങളിൽ ശാരദ മുന്നോട്ടുവെച്ച നിലപാട് എന്നിവ ആദ്യകാല

സ്ത്രീനോട്ടങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. കുലസ്ത്രീ, സൗന്ദര്യം, സ്ത്രീവിദ്യാഭ്യാസം, പുരുഷത്വം, പാചകം തുടങ്ങി ആധുനിക കുടുംബനിർമ്മിതിയ്ക്കുള്ള ഘടകങ്ങൾ ആദ്യകാല ആനുകാലികങ്ങളിലൂടെ ക്രമപ്പെട്ടുവരുന്നുണ്ട്.

## ശാരദ മാസികയിലെ പാചകക്കുട്ട്

ഭക്ഷണം വ്യക്തിയെ നിർണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഉപാധിയാവുന്നതിന് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. പ്രാചീനപണ്ഡിതർ സൂതവിദ്യ എന്ന പേരിൽ കലയായി പാചകവിദ്യയെ പരിഗണിച്ചിരുന്നു. ചത്ത ജന്തുക്കൾ, ബാക്കിവന്ന ദക്ഷണവസ്തുക്കൾ എന്നിവ അവർണർക്ക് എന്ന അലിഖിതനിയമം കേരളത്തിൽ നിലനിന്നിരുന്നു. അവർണ / സവർണ ഭേദം പ്രത്യക്ഷത്തിൽ ബോധ്യമാവുന്ന ശബ്ദകോശം തന്നെ നമുക്കുണ്ട്. നവോത്ഥാനകാലം അവർണ / സവർണ വേർത്തിരിവ് വകഞ്ഞ് മാറ്റുന്ന കാലമായാണ് പരിഗണിക്കപ്പെടുന്നത്. നവോത്ഥാനം ഏത് സംസ്കാരത്തെയാണ് മുന്നോട്ടു വെച്ചത്? ശാരദ മാസികയിലൂടെ ആരുടെ ഭക്ഷണച്ചിട്ടയാണ് കേരളീയ ജനതയിൽ എത്തിച്ചത്? തുടങ്ങിയ ചോദ്യങ്ങൾ ശാരദയിലെ പ്രഥമപാചകക്കുട്ട്, പ്രഥമലക്കത്തിലെ ലേഖനം എന്നിവ മുൻനിർത്തി പ്രത്യശാസ്ത്രപാരായണത്തിന് ശ്രമിക്കുകയാണീ പ്രബന്ധത്തിൽ. അറിവുഉല്പാദനത്തിന്റെ സാമൂഹികനില, വ്യാഖ്യാനത്തിന്റെ സാമൂഹികാവസ്ഥ, സാമൂഹികകർത്തൃത്വ രൂപീകരണം എന്നിവ വിശദീകരിക്കാൻ പ്രത്യയശാസ്ത്രപാരായണത്തിലൂടെ സാധിക്കുന്നു. തെരഞ്ഞെടുത്ത ദത്തങ്ങൾ മൂന്ന് തരത്തിൽ വായിക്കാനാണ് പ്രബന്ധത്തിൽ ശ്രമിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിലെ സ്ത്രീയെ രൂപപ്പെടുത്തുന്നതിൽ ശാരദയുടെ പങ്ക് അന്വേഷിക്കുക. സാമൂഹികക്രമത്തിൽ സവർണസംസ്കാരത്തെ ഉറപ്പിക്കാനുള്ള ശാരദയുടെ ശ്രമം വിശദീകരിക്കുക. ജനപ്രിയസാഹിത്യത്തിന്റെ സ്വഭാവമായ അധികാരപക്ഷ പ്രീണനസ്വഭാവം തിരിച്ചറിയുക.

1080 വൃശ്ചികത്തിലാണ് ശാരദ എന്ന സ്ത്രീമാസിക ആരംഭിച്ചതെന്ന് കേരള പത്രപ്രവർത്തന ചരിത്രത്തിൽ പുതുപ്പള്ളി രാഘവൻ വ്യക്തമാക്കുന്നുണ്ട്. "മലയാളഭാഷയിൽ പരിചയമുള്ള സകല സ്ത്രീജനങ്ങളുടേയും അഭ്യുദയത്തിനായി ആവശ്യം വേണ്ടുന്ന സംഗതികളെപ്പറ്റി ലളിതവും സുഗമവുമായ ഭാഷയിൽ പ്രതിപാദിക്കുവാനും ഠ രം മാസിക മൂലമായി അവർക്കു നിത്യമായ ഗുണങ്ങളെ ഉണ്ടാക്കുവാനുമാകുന്നു ഞങ്ങളുടെ ശ്രമം"(1905:1). എന്ന് ശാരദയുടെ ഉടമസ്ഥനും മാനേജരുമായ നാരായണമേനോൻ കെ. ശാരദയുടെ പ്രഥമലക്കത്തിലെ പ്രസ്താവനയിൽ വ്യക്തമാക്കുന്നു. ശാരദയിലെ പ്രഥമലക്കത്തിൽ തന്നെ പാചകവിദ്യ എന്ന പേരിൽ ലേഖനം കാണാം. പാചകക്കുറിപ്പുകൾ എന്ന രീതിയിൽ ആദ്യമായി പക്തി ശ്രദ്ധയിൽപെട്ടത് 1080 കർക്കിടകത്തിൽ പ്രസിദ്ധീകരിച്ച പുസ്തകം ഒന്ന് ലക്കം ഒൻപതിൽ ആണ്. സാപ്പാട് എന്ന പേരിലാണ് ആദ്യകാലത്ത് പാചകക്കുറിപ്പുകൾ വന്നത്, പിന്നീട് സൂതവിദ്യ എന്ന പേരിൽ പാചകപക്തി തുടരുന്നുണ്ട്. കുടുംബത്തിലെ വ്യക്തികൾക്കുള്ള ഊർജ്ജം പ്രദാനം ചെയ്യുന്ന ഇടമായിട്ടാണ് അടുക്കളയെ പരിഗണിക്കുന്നതെങ്കിലും കുടുംബത്തിൽ വേണ്ടത്ര പരിഗണന

അടുക്കളയ്ക്കും അടുക്കളക്കാരി എന്ന കുടുംബിനിക്കും അന്ന് ലഭിച്ചിരുന്നില്ല. നളൻ, ഭീമൻ തുടങ്ങിയ പുരാണകഥാപാത്രങ്ങൾ സൂതവിദ്യയിൽ അഗ്രഗണ്യരായ് വാഴ്ത്തപ്പെട്ടപ്പോൾ നളനോടൊപ്പം നിൽക്കാൻ പോന്ന സ്ത്രീ പാചകവിദഗ്ദയെ കാണാനാവില്ല. അരുന്ധതി, യശോദ, സുഭദ്രാ തുടങ്ങിയ സ്ത്രീകൾ സൂതവിദ്യയിൽ പേരു കേട്ടവരാണെങ്കിലും വിവാഹം, ചോറൂണ്, തുടങ്ങിയ സന്ദർഭങ്ങളിൽ പാചകനേതൃത്വം പുരുഷനു ഭൂഷണമായി കാണുന്ന പൊതുരീതിക്ക് ഇനിയും മങ്ങലേറ്റിട്ടില്ല. പാചകകലയിലെ ലിംഗ അസമത്വത്തിന് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. ലിംഗം, ജാതി, മതം, പ്രദേശം, തുടങ്ങിയ മാനദണ്ഡങ്ങൾ പാചകക്കുറിപ്പുകൾക്ക് ബാധകമാവുമ്പോൾ ശാരദ മുന്നോട്ടുവെച്ച ഭക്ഷണച്ചിട്ട എപ്രകാരമുള്ളതാണെന്ന അന്വേഷണത്തിന് പ്രസക്തിയുണ്ട്.

"ചിത്രാന്നം

അരപ്പടി ചെറിയ അരി ഒന്നരപ്പടി ശുദ്ധജലത്തിൽ കാൽത്രപ്പാളുക്കം മഞ്ഞുപൊടിയിട്ടു വേവിക്കണം.എന്നിട്ട് അതു മുൻപറഞ്ഞതുപോലെ എടുത്തുവെക്കുക. പിന്നെ മൂന്നുപലം നെയ് ഈ ചോറിൽ ഒഴിച്ചു നല്ലവണ്ണം ഇളക്കി മൂന്നു നിമിഷനേരം മൂടിവച്ചതിനുശേഷം ഒരു പരന്ന പാത്രത്തിൽ പകർന്നു ചൂടാറ്റി വെക്കുക. അതിൽപിന്നെ, കാൽപ്പലം ഉല്വാ, കാൽപ്പലം കൊത്തമ്പാലരി, കാൽപ്പലം കുരുമുളക്, ഒന്നരപ്പലം ഉഴുന്നുപരിപ്പ്, ഇതുകളെ വേറെവേറെ നെയ്യിൽ വറുത്ത് ഒരോന്നായി പൊടിച്ച് ഒന്നാക്കി കൂട്ടിയോജിപ്പിച്ചു , വേവിച്ചു വെച്ചിരിക്കുന്ന ചോറിൽ വിതറിക്കൂട്ടി ഇളക്കി വെക്കണം. അരപ്പലം പൊടിച്ച ഉപ്പും ഈ ചോറിൽ തൂവണം. പിന്നെ രണ്ടു പലം നെയ്യ് ഈ ചോറിൽ ഒഴിച്ചു നല്ല വണ്ണം ഇളക്കി തട്ടിപ്പൊത്തി വെക്കുക. പിന്നെ കാൽപ്പടി വെള്ളത്തിൽ ഒന്നര പലം പുളി മുമ്പറഞ്ഞ വിധം കലക്കി പിഴിഞ്ഞരിച്ചു വെക്കുക. ഈ പുളിവെള്ളത്തിൽ അരപ്പലം പൊടിച്ച ഉപ്പ് ഇടണം. അതിനുശേഷം ആറുപലം നെയ്യെടുത്ത് അടുപ്പത്തുവെച്ചു തിളപ്പിക്കണം. ഇതിൽ ഒന്നാമതായി ഒരു പലം മുളകെടുത്തു ചെറുതായി പൊട്ടിച്ചു വറക്കണം. അതിനുശേഷം അരപ്പലം കടുകും ഇട്ടു വറക്കണം. കടുകിന്റെ പൊട്ടൽ നില്ക്കാറാവുമ്പോൾ മുമ്പേതന്നെ ആറു പലം കടലയ്ക്കായെടുത്തു നല്ലവണ്ണം കഴുകിവെച്ചിരിക്കുന്നതിനെ വെള്ളംകൂടാതെ ഈ വറവിൽ ഇടണം. കടലയ്ക്കയും നല്ലവണ്ണം വറുത്തു പാകംവരുമ്പോൾ വറവു താഴ്ത്തിറക്കിവെച്ചു കാൽപ്പലം കരുവേപ്പിലയും അരയ്ക്കാൽ ത്രപാത്തുക്കം കായവും അതിൽ ഇടണം. ഇതുകൾ ഇട്ട ഉടനെ ഉണ്ടാകുന്ന ചടപടയെന്ന ശബ്ദം നിന്ന ഉടനെ വറവിൽനിന്നും കായത്തെ എടുത്തു പൊടിച്ച് ആ വറവിൽതന്നെ ഇട്ട് അതിന്റെശേഷം തയ്യാറാക്കിവെച്ചിരിക്കുന്ന പുളിവെള്ളത്തെ അതിൽ ഒഴിച്ചു വീണ്ടും അടുപ്പിൽതന്നെ വെച്ച് ഇളക്കി തിളപ്പിച്ചു കുറുക്കി ലേഹ്യംപോലെയാക്കി തയ്യാറാക്കി വെച്ചിരിക്കുന്ന അന്നത്തിൽ ഒഴിച്ചതിനുശേഷം, തൊലികളഞ്ഞു വറുത്തുവെച്ചിരിക്കുന്ന എള്ളിൻപൊടി രണ്ടുപലം എടുത്തു ചോറിൽ തൂവി എല്ലാം കൂടെ നല്ലവണ്ണം ഇളക്കിവെച്ച് ഉപയോഗിക്കുക". (1905 :20)

ചിത്രാന്നമെന്നാൽ പല നിറമുള്ള പദാർത്ഥങ്ങൾ ചേർത്തുണ്ടാക്കിയ ചോറ്, മഞ്ഞച്ചോറ് എന്നർത്ഥമാണ് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള 'ശബ്ദതാരാവലി'യിൽ നൽകുന്നത്. പാചകക്കുറിപ്പിലെ ദ്രവ്യങ്ങളും അത് ഉപയോഗിക്കുന്ന രീതിയും പത്തൊൻപതാം നൂറ്റാണ്ടിലെ സവർണ സമുദായത്തിന്റെ ചിട്ടയ്ക്കും മട്ടിനും യോജിച്ചതായിക്കാണാം. കീഴാള/മേലാള ബന്ധം ശക്തമായിരുന്ന പത്തൊൻമ്പതാം നൂറ്റാണ്ടിൽ മേൽപ്പറഞ്ഞ പാചകക്രമം പുലർത്താൻപോന്ന സാമൂഹികസാഹചര്യം ബഹുഭൂരിപക്ഷം വരുന്ന കേരളീയർക്കും പൊതുവെ ഉണ്ടായിക്കാണില്ല. കാഞ്ഞവെള്ളവും, കഞ്ഞിയും സമൃദ്ധിയുടെ അടയാളമായി കണ്ട അവർണവിഭാഗം ചിത്രാന്നത്തെക്കുറിച്ച് കേട്ടിട്ടുണ്ടായിരുന്നോ എന്നതുതന്നെ സംശയമാണ്. ഈ പാചകക്കുറിപ്പിനുമുകളിലായി ചിത്രാന്നം വളരെ മിതമായിട്ടേ ഭക്ഷിക്കാവൂ എന്നും ഭക്ഷിച്ച ഉടനെ കുറെ നല്ല ചൂടുള്ള ചുക്കുവെള്ളം കുടിക്കുന്നത് നല്ലതാണെന്നുമുള്ള കുറിപ്പുണ്ട്. ഭക്ഷണം കഴിച്ച് ദഹിക്കാനായി ചൂടുവെള്ളവും കഴിച്ച് ആർഭാടത്തോടെ ജീവിക്കുന്ന ജനവിഭാഗത്തിന്റെ ഭക്ഷണക്കൂട്ടാണ് ശാരദയുടെ പ്രഥമപാചകക്കുറിപ്പ്. നെയ്യ്, ജീരകം, തൊലികളഞ്ഞ് വറുത്തുവെച്ചിരിക്കുന്ന എള്ളിൻപൊടി തുടങ്ങിയവ പത്തൊൻമ്പതാം നൂറ്റാണ്ടിലെ സാധാരണക്കാരുടെ വീടുകളിൽ സുപരിചിതമായ ദ്രവ്യമായിരുന്നില്ല. "ഈഴവഴർ തൊട്ടുള്ള താണജാതിക്കാരുടെ പുരകളിലും നിത്യഭക്ഷണം വളരെ മോശപ്പെട്ടതു തന്നെയായിരുന്നു. ചോറ് അപൂർവംതന്നെ. ഉള്ളത് ഏറ്റവും മോശപ്പെട്ട അരിയുടെ വകയുമായിരുന്നു. ചാമ, തിന, മുള, നെല്ല്, കൂവരക്, മുതിര, പയറ് ഇതുകൾകൊണ്ടുള്ള കഞ്ഞിയോ കാട്ടിയോ പുഴക്കോകൊണ്ട് അവർ ഒരുവിധം അഷ്ടിച്ചുവന്നു" (2012 : 33 ) എന്ന് ഭാസ്കരനുണ്ണി 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള'ത്തിൽ വ്യക്തമാക്കുന്നുണ്ട്. പാചകക്കുറിപ്പിലെ ഭാഷാപ്രയോഗവും അധികാരത്തിന്റെ ഇടപെടൽ വേണ്ടുവോളം വെളിപ്പെടുത്തുന്ന വിധായകപ്രകാരത്തിന്റെ മട്ട് സ്വീകരിക്കുന്നുണ്ട്. വേവിക്കണം, ഇവണം, ഇടണം, തിളപ്പിക്കണം, വറുക്കണം, തുടങ്ങിയവയുടെ ആവർത്തിച്ചുള്ള പ്രയോഗം അതിൽ കാണാം. വെയ്ക്കുക, ഉപയോഗിക്കുക, എന്നീ രൂപങ്ങൾ കാണാമെങ്കിലും വിധായകപ്രകാരത്തിന്റെ അതിപ്രസരം അധികാരത്തിന്റെ കാർക്കശ്യസ്വഭാവം ഉൾക്കൊള്ളുന്ന ഒന്നായി പാചകക്കുറിപ്പിനെ മാറ്റുന്നുണ്ട്. ഭക്ഷണം ആസ്വദിച്ചു ഉണ്ടാക്കുന്ന, കഴിക്കുന്ന ജനവിഭാഗത്തിന്റെ ഭക്ഷണക്കൂട്ടിനെ സാധാരണക്കാരന് വെളിപ്പെടുത്താനുള്ള ശ്രമമാണ് ശാരദയിലെ പ്രഥമ പാചകക്കൂട്ട്.

ശാരദയിലെ പ്രഥമ ലക്കത്തിലെ തുടർലേഖനമായ 'പാചകവിദ്യാ' തയ്യാറാക്കിയത് എൻ. വേലുപ്പിള്ളയാണ്. പ്രഥമലക്കം ഭക്ഷണത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നതോടൊപ്പം കുടുംബത്തെ മുൻനിർത്തി സ്ത്രീപുരുഷ ധർമ്മങ്ങൾ അവതരിപ്പിക്കാനും ശ്രമിക്കുന്നു. "മനുഷ്യർക്ക് അത്യന്താപേക്ഷിതവും ഗൗരവമുള്ളതുമായ ആഹാരവിഷയത്തിൽ അതിനെ യഥാവിധി നടത്തിക്കൊണ്ടുപോകുവാനുള്ള ചുമതല കുടുംബത്തിലെ സ്ത്രീകളിൽ ഇരിക്കുന്നു" ( 1955 : 8 ) "പുരുഷനു കൃഷി, കച്ചവടം, സർക്കാർ ഉദ്യോഗം മുതലായ ഗൗരവമുള്ള കാര്യങ്ങളിൽ ക്ലിപ്ത കാലത്ത് ഹാജരാകുവാൻ നിർബന്ധമുണ്ടായിരിക്കും" ( 1955 :

9 ). വിഷയം പാചകവിദ്യാ എന്നാണെങ്കിലും സ്ത്രീ, പുരുഷൻ എന്ന വേർതിരിവു നിലനിർത്തി കുടുംബം, മതം എന്നിവ അടിസ്ഥാനമാക്കി നിയമം രൂപീകരിക്കാൻ പ്രഥമലക്കത്തിൽതന്നെ ശാരദ ശ്രമിക്കുന്നുണ്ട്. കുടുംബത്തിലെ പാചകവിദ്യ സ്ത്രീയുടെ കടമയാണ്, ഉത്തരവാദിത്തമാണ് എന്നിവ ഓർമ്മിപ്പിക്കുന്നതോടൊപ്പം സ്ത്രീക്ക് കുടുംബം, പുരുഷന് വിശാലമായ ലോകം എന്നമട്ടിലുള്ള ഭാഷാവ്യവഹാരങ്ങൾ ശാരദയുടെ തുടർലക്കങ്ങളിലും കാണാനാവും. ഉത്തമസ്ത്രീ, സ്ത്രീധർമ്മം, തുടങ്ങി സ്ത്രീയെ മതകുടുംബത്തിനകത്ത് പരുവപ്പെടുത്താനുള്ള ശ്രമം ശാരദയുടെ പ്രത്യയശാസ്ത്രപാരായണത്തിൽ വെളിപ്പെടുന്നുണ്ട്. ഇങ്ങനെ, രാജ്യസമാചാരം, പശ്ചിമോദയം പോലുള്ള മാസികകൾ ക്രിസ്തുമതകുടുംബത്തെ വാർത്തെടുക്കുമ്പോൾ ശാരദ പോലുള്ള മാസികകൾ ഹിന്ദുകുടുംബത്തിന്റെ ക്രമപ്പെടുത്തലിന് വേദിയാവുന്നുണ്ട്.

നവോത്ഥാനകാല സ്ത്രീ മാസികയാണ് ശാരദ. ശാരദാമാസികയുടെ വായനക്കാരിലധികവും അക്ഷരാഭ്യാസം നേടിയ സവർണ്ണ ജനവിഭാഗമായിരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും മുൻനിരയിലേക്ക് എത്തിക്കുന്നതിലപ്പുറം ജനപ്രിയമാസികയുടെ സ്വഭാവമായ അധികാരപക്ഷത്തെ പ്രീതിപ്പെടുത്തുക എന്നതിനുകൂടി ശാരദ ശ്രമിച്ചതായി മനസ്സിലാക്കാം. ലിംഗാധിഷ്ഠിതമായ സാമൂഹികാധികാരം പുരുഷന് ഭൂഷണമാണന്നു സ്ഥാപിക്കുവാനും പുരുഷനെ പ്രീതിപ്പെടുത്താനുതകുന്ന തരത്തിൽ സ്ത്രീയെ പാകപ്പെടുത്താനും ശാരദ ശ്രദ്ധിച്ചു. സാമുദായികാധികാരം സവർണ്ണവിഭാഗത്തിന്റെ കയ്യിൽ ഭദ്രമായി നിലനിന്നുപോന്നു. പാചകക്കുറിപ്പിലടക്കം അധികാരപക്ഷത്തെ പ്രീതിപ്പെടുത്തുന്ന ജനപ്രിയ മാസികയുടെ സ്വഭാവം ശാരദ ദീക്ഷിച്ചതായി കാണാം

**ഉപസംഹാരം**

ഗദ്യം, പദ്യം എന്നീ മേഖലയിൽ സ്ത്രീകൾക്കുള്ള കഴിവ് തിരിച്ചറിഞ്ഞത് ശാരദ മാസികയിലൂടെയാണ്. സ്ത്രീ ശക്തിയാർജ്ജിക്കേണ്ടവളാണെന്ന് ശാരദ നിരന്തരം ഓർമ്മപ്പെടുത്തുമ്പോഴും ശാരദയിൽ മുറ്റിനിൽക്കുന്നത് മതത്തെ മുൻനിർത്തിയുള്ള കുടുംബസങ്കല്പമാണ്. ഭക്ഷണക്രമം, ജീവിതരീതി, ആചാരനുഷ്ഠാനങ്ങൾ എന്നിവയിലെല്ലാം ശാരദയിൽ സവർണ്ണഹിന്ദു ബിംബങ്ങൾ കടന്നുവരുന്നതു കാണാം. പാചകവിദ്യാ എന്ന തുടർലേഖനം പാചകവിദ്യയെക്കുറിച്ച് വാചാലമാവുകമാത്രമല്ല മതകുടുംബത്തിനകത്ത് സ്ത്രീയെയും പുരുഷനെയും പാകപ്പെടുത്താൻ കൂടി ശ്രമിക്കുന്നു. ഭൂരിപക്ഷംവരുന്ന കേരളജനതയുടെ ജീവിതം ശാരദയിൽ തെളിഞ്ഞുകിട്ടുന്നില്ല. വിവിധ ജാതി മത വിഭാഗങ്ങൾ, അവർക്കിടയിൽ തന്നെ വൈവിധ്യമുള്ള സംസ്കാരങ്ങൾ ഇവയെല്ലാം ഒരേ മട്ടിലല്ല കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനം പരിഗണിച്ചത് എന്നതിന് ശാരദയിലെ പാചകക്കുറിപ്പുകൾ

തെളിവാണ്. ഇതേ മട്ടിൽ, ഏകമത സംസ്കാരത്തിലേക്കും സാംസ്കാരിക അധികാരത്തിലേക്കും കേരളത്തെ പരുവപ്പെടുത്താനുള്ള ശ്രമം ആദ്യകാല ഭാഷാവ്യവഹാര മാതൃകകളിൽ കണ്ടെടുക്കാനാവും.

## സഹായകഗ്രന്ഥങ്ങൾ


അനിൽ, കെ എം . സംസ്കാര നിർമ്മിതി, പ്രോഗ്രസ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2017.

ഗിരീഷ് ,പി.എം. (ഡോ) അധികാരവും ഭാഷയും , പാപ്പിയോൺ കോഴിക്കോട്, 2001.

രവീന്ദ്രൻ ,പി.പി. സംസ്കാര പഠനത്തിനൊരാമുഖം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2013 .


## മാസികാസൂചി


ശാരദ 1905 ( 1080) പാചകവിദ്യാ , പുസ്തകം 1, ലക്കം 1, വൃശ്ചികം.

ശാരദ 1905 ( 1080) സാപ്പാട്, പുസ്തകം 1, ലക്കം 7 , എടവം.